**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2434** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട ജി.എസ്.ടി.നഷ്ടപരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുക എത്രയെന്നും നാളിതുവരെ ലഭ്യമായ തുക എത്രയെന്നും ഇനി ലഭ്യമാകേണ്ട തുക എത്രയെന്നും ആയതു സംസ്ഥാനത്തിന് ലഭ്യമാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | 2017-18, 2018-19, 2019-20, 2020-21 & 2021-22 (സെപ്റ്റംബർ 21 വരെ) സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുകയുടെയും നാളിതുവരെ ലഭ്യമായ തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിയ്ക്കുകയുണ്ടായി. എന്നാൽ 2019-20സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക യഥാസമയം ലഭ്യമായില്ല. 2019ഡിസംബർ മുതൽ 2020ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാര തുക 04.06.2020-നും 2020മാർച്ചിലെ നഷ്ടപരിഹാര തുക 23.07.2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിയ്ക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭിച്ചില്ല. 27-08-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടു വച്ചു. എന്നാൽ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽനിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇപ്രകാരം കടം എടുത്ത തുകയിൽ നിന്ന് കേരളത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരി മൂലം ജി.എസ്.ടി. സെസ്സ് ഫണ്ടിലുണ്ടായ കറവ് എത്രയെന്നും ഇതു സംബന്ധിച്ച് ജി.എസ്.ടി (സെസ്സ് ) | (ബി) | കോവിഡ് മഹാമാരി മൂലം ജി.എസ്.ടി. സെസ്സ് ഫണ്ടിലുണ്ടായ കുറവ് എത്രയെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. 2020-21 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരമായി സംസ്ഥാനത്തിനു ലഭ്യമാകേണ്ട തുക എത്രയെന്നും ലഭിച്ചത് എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ; ആയതു സംബന്ധിച്ച് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | | കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,144.85 കോടി രൂപയാണ്. കോമ്പൻസേഷൻ സെസ്സിൽ നിന്നുമാണ് ഈ തുക നൽകുവാനുള്ളത്. എന്നാൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 41-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം കേന്ദ്രം പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766.00 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം 4905.51 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സെപ്റ്റംബർ 21 വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 8032.06 കോടി രൂപയാണ്. ഇതിൽ Special Window Loan Fund-ൽ നിന്നും 4122.27 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും നഷ്ടപരിഹാര തുക ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുകയുടെയും നാളിതുവരെ ലഭ്യമായ തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം**

| Year | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable(Cr.) |
|---|---|---|---|
| 2017-18 | 2159.32 | 2102.00 | 57.32 |
| 2018-19 | 3557.79 | 3532.00 | 25.79 |
| 2019-20 | 8099.60 | 8111.00 | -11.40 |
| 2020-21 | 12144.85 | 10671.51 | 1473.34 |
| 2021-22 (September 21) | 8032.06 | 4122.27 | 3909.79 |

സെക്ഷൻ ഓഫീസർ